"ഭരണഭാഷ-മാതൃഭാഷ"

# തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്
# ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കോട്ടയം
# നഗരാസൂത്രകന്റെ നടപടിക്രമം

**വിഷയം** : തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ് - ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കോട്ടയം - ചങ്ങനാശ്ശേരി നഗരസഭ - വാസഗൃഹം നിർമ്മാണം – കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

**പരാമർശം** : 1. നഗരസഭാ സെക്രട്ടറിയുടെ 05.01.2022 –ലെ E2-BA/190/21-22 നമ്പർ കത്ത്.
2. ഈ കാര്യാലയത്തിലെ 31.01.2022 ലെ TCPKTM/36/2022-C നമ്പർ കത്ത്.
3. ശ്രീമതി. കെ. വസുമതി, കാവുപറമ്പിൽ -ന്റെ 15.02.2022 –ലെ അപേക്ഷ.

---

**ഉത്തരവ് നമ്പർ : TCPKTM/136/2022-C** തീയതി : 21/02/2022

---

ചങ്ങനാശ്ശേരി നഗരസഭയിൽ, ചങ്ങനാശ്ശേരി വില്ലേജിൽ ബ്ലോക്ക് നമ്പർ 254 –ൽ റീ സർവേ നമ്പർ 14/9 ൽ പെട്ട 2.65 ആർ സ്ഥലത്ത് PMAY പദ്ധതിയിൽ ഉൾപ്പെടുത്തി 55.8 $m^2$ വിസ്തീർണ്ണമുള്ള റസിഡൻഷ്യൽ കെട്ടിടം (Group A1-Residential) നിർമ്മിക്കുന്നതിനാണ് അപേക്ഷിച്ചിരിക്കുന്നത്. പ്ലോട്ടിൽ നിലവിൽ 3.2 $m^2$ വിസ്തീർണ്ണമുള്ള ടോയ്‌ലറ്റ് സ്ഥിതി ചെയ്യുന്നു. പ്ലോട്ടിലെ നിർമ്മാണങ്ങളുടെ ആകെ വിസ്തീർണ്ണം 59 $m^2$ ആകുന്നു.

അംഗീകരിച്ച ചങ്ങനാശ്ശേരി ഡവലപ്മെന്റ് പ്ലാൻ പ്രകാരം Paddy/Environmentally Sensitive Zone എന്ന മേഖലയിലാണ് അപേക്ഷകയുടെ പ്ലോട്ട് സ്ഥിതിചെയ്യുന്നത്. മേഖലാ നിയന്ത്രണ ചട്ടം പ്രകാരം, 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസരിച്ച് 60 $m^2$ വരെ വിസ്തീർണമുള്ള, ഏതെങ്കിലും ഗവൺമെന്റ് സ്കീമിൽ ഉൾപ്പെടുത്തിയുള്ള വീടുകളുടെ നിർമ്മാണം Uses Restricted 1 വിഭാഗത്തിൽ ഉൾപ്പെടുന്നതും, ജില്ലാ ടൗൺ പ്ലാനറുടെ കൺകറൻസോടു കൂടി അനുമതി നൽകാവുന്ന ഉപയോഗവുമാണ് . ചങ്ങനാശ്ശേരി നഗരസഭാ സെക്രട്ടറിയുടെ 05.01.2022 ലെ E2-BA/190/21-22 നമ്പർ കത്തിൽ പ്രസ്തുത നിർമ്മാണം PMAY പദ്ധതിയിൽ ഉൾപ്പെട്ടതാണെന്നു റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019, ചട്ടം 5(6)(1)(c), ചങ്ങനാശ്ശേരി ഡവലപ്മെന്റ് പ്ലാനിലെ Paddy/Environmentally Sensitive Zone മേഖലയുടെ മേഖല നിയന്ത്രണ ചട്ടങ്ങൾ (Table 24.1, Sl.No.10) എന്നിവയ്ക്ക് അനുസൃതമായി താഴെ പറയുന്ന നിബന്ധനകളോടെ കൺകറൻസ് നൽകി ഉത്തരവാകുന്നു.

1. കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019, ചട്ടം 9(2) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ,

അപേക്ഷകന്റെ നിർമ്മാണ അവകാശം തുടങ്ങിയവയും നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെട്ടിട്ടില്ല എന്നതും ബന്ധപ്പെട്ട എല്ലാ രേഖകളും പരിശോധിച്ച് സെക്രട്ടറി ഉറപ്പ് വരുത്തണം.

2. നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന /നിർമ്മാണ പ്രവർത്തനങ്ങൾ 2008 ലെ കേരളാ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ ഉത്തരവുകൾ / സർക്കുലറുകൾ, 1967 ലെ കേരളാ ഭൂവിനിയോഗ ഉത്തരവ് എന്നിവയ്ക്ക് അനുസൃതമായിരിക്കണം.
3. KMBR 2019 ചട്ടം 76 (2) പ്രകാരമുള്ള മഴവെള്ള സംഭരണ സംവിധാനം നൽകേണ്ടതാണ്.
4. നിർദ്ദിഷ്ട നിർമ്മാണം കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ –2019 (KMBR 2019) നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും അനുസൃതമായിരിക്കണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതിയല്ല. കെട്ടിടനിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി ചങ്ങനാശ്ശേരി നഗരസഭയിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കാൻ പാടുള്ളൂ. കെ.പി.ബി.ആർ-2019 പ്രകാരം സെക്രട്ടറി ടി അപേക്ഷയിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അംഗീകാരമോ, നിരാക്ഷേപ പത്രമോ ആവശ്യമുള്ള പക്ഷം ആയവ ലഭിച്ചതിനുശേഷം മാത്രമേ സെക്രട്ടറി നിർമ്മാണാനുമതിയ്ക്ക് പരിഗണിക്കാവൂ.

അംഗീകരിച്ച പ്ലാൻ (1) ഉള്ളടക്കം ചെയ്യുന്നു.

കൺകറൻസ് നമ്പർ. 05/2022/KTYM)

ANILKUMAR P, TP TPKTYM, O/O TP TPKTYM

**സെക്രട്ടറി,**
ചങ്ങനാശ്ശേരി നഗരസഭ (ഉള്ളടക്കം സഹിതം)

പകർപ്പ് :
1. ശ്രീമതി. കെ.വസുമതി, കാവുപറമ്പിൽ, പെരുന്ന ഈസ്റ്റ്.പി.ഒ, ചങ്ങനാശ്ശേരി
2. കരുതൽ ഫയൽ 3. അധികം –1

DESPATCHED
Date 22/2/22

S21022022